**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4852** **20-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാന പാത നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാനപാത അത്യാധുനിക രീതിയിൽ നവീകരിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് - കാഞ്ഞങ്ങാട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കെ.എസ്.റ്റി.പി വിഭാഗം 01.04.2018-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | കെ.എസ്.ടി.പി. ഏറ്റെടുത്ത ഈ റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോൾ മുതലാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ; | (ബി) | കാസറഗോഡ് - കാഞ്ഞങ്ങാട് റോഡിന്റെ പരിപാലന കാലാവധിയ്ക്ക് ശേഷം 01.11.2021 - ന് കാസറഗോഡ് റോഡ്സ് വിഭാഗത്തിന്, റോഡ് കൈമാറിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് വേണ്ടി വെട്ടി മാറ്റിയ മരങ്ങൾക്ക് പകരം തണൽ മരങ്ങൾ വച്ചുപിടിപ്പിച്ചും വഴിവിളക്കുകൾ സ്ഥാപിച്ചും മനോഹരമാക്കുമെന്ന് കെ.എസ്. ടി.പി. അധികാരികൾ വാഗ്ദാനം നൽകിയിരുന്നോ എന്നും എങ്കിൽ പ്രസ്തുത വാഗ്ദാനങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് വേണ്ടി മുറിച്ചുമാറ്റിയ മരങ്ങൾക്കുപകരം, പ്രവൃത്തിയുടെ ഭാഗമായി, 819 മരങ്ങൾ വച്ചുപിടിപ്പിക്കുകയും 395 വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | കാഞ്ഞങ്ങാട് നിന്ന് കാസർഗോഡേക്ക് സഞ്ചരിച്ച് ഈ സംസ്ഥാന പാതയിൽ ചെറുതും വലുതുമായ 339 കുഴികൾ ഉണ്ടെന്ന് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ ജഡ്ജിക്ക് ഹോസ്ദുർഗ് ബാറിലെ ഒരു അഭിഭാഷകൻ പരാതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതിയിൽ പറയുന്ന 339 കുഴികൾ വാസ്തവം ആണോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കാഞ്ഞങ്ങാട് നിന്ന് കാസർഗോഡ് വരെ സംസ്ഥാന പാതയിൽ ചെറുതും വലുതുമായ 339 കുഴികൾ ഉണ്ടെന്ന് ഹോസ്ദുർഗ്ഗ് ബാർ കൗൺസിലിലെ ഒരു അഭിഭാഷകന്റെ PLP No/1343/25 എന്ന പരാതി ലഭിച്ചിട്ടുണ്ട്. റോഡിന്റെ പുനരുദ്ധാരണത്തിനായി 3800 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭ്യമായിട്ടുള്ളതും പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ